# വ്യവസായ കേരളം

44

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JULY 2023





# MSME ദിനത്തിൽ സംരംഭകർക്കായി മൂന്നു പ്രധാന പ്രഖ്യാപനങ്ങൾ

പ്രീമിയത്തിൽ പകുതി സർക്കാർ വഹിക്കുന്ന ഇൻഷുറൻസ് പദ്ധതി എം.എസ്.എം.ഇകൾക്കായി ആവിഷ്കരിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര എം.എസ്.എം.ഇ ദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം, 2023-24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതി. ഇൻഷുറൻസ് മേഖലയിലെ 4 പൊതുമേഖല സ്ഥപനങ്ങൾ വഴി ഇൻഷുറൻസ് പരിരക്ഷ സ്വീകരിക്കുന്ന സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% (പരമാവധി 2,500/ രൂപ) സർക്കാർ വഹിക്കും.സംരംഭക വർഷത്തിൽ പ്രഖ്യാപിച്ച വൺ ലോക്കൽ ബോഡി വൺ പ്രൊഡക്ട് (ഒ.എൽ.ഒ.പി) പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡിപിആർ തയ്യാറാക്കുന്നതിനുള്ള സഹായമായി വ്യവസായ വകുപ്പ് 50,000 രൂപ നൽകും. ഏറ്റവും മികച്ച പ്രകടനം നടത്തുന്ന എം.എസ്.എം.ഇ. യൂണിറ്റിനും തദ്ദേശ സ്ഥാപനത്തിനും എല്ലാ വർഷവും അവാർഡ് നൽകുമെന്നും ബഹു. മന്ത്രി പറഞ്ഞു.

മൂന്ന് വർഷത്തിലധികമായി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന 1000 എം.എസ്.എം.ഇ. കൾക്ക് പ്രവർത്തനം വിപുലപ്പെടുത്താനുള്ള പ്രൊജക്ട് തയ്യാറാക്കുന്നതിനായി ഒരു ലക്ഷം രൂപ സർക്കാർ നൽകും. അതിന്റെ ഭാഗമായി പ്രവർത്തന മൂലധന വായ്പ എടുക്കുന്ന സ്ഥാപനങ്ങൾക്ക് 50 ലക്ഷം രൂപ വരെ പലിശ സബ്സിഡിയും നൽകും. അഞ്ച് ഏക്കർ സ്ഥലമുള്ള എൻജിനീയറിംഗ് കോളേജുകൾക്ക് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദവി നൽകുമെന്നും ഇതിന് നിശ്ചിത ഇൻസെന്റീവ് അനുവദിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.



എം.എസ്.എം.ഇ ദിനാഘോഷത്തിൽ സംരംഭക സൗഹാർദ്ദ പ്രഖ്യാപനങ്ങളുമായി ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ്

കേരളത്തിന്റെ പരിമിതമായ സൗകര്യങ്ങൾ തിരിച്ചറിഞ്ഞ് വ്യവസായരംഗത്ത് നൂതന പദ്ധതികൾ ആവിഷ്കരിക്കാനും നിക്ഷേപം കൊണ്ടുവരാനും സാധിച്ചത് വ്യവസായ വകുപ്പിന്റെ വിജയമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു പറഞ്ഞു.

ഈ മാസം വിരമിക്കുന്ന ബഹു. ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് ഐ.എ.എസിനുള്ള വ്യവസായ വകുപ്പിന്റെ ആദരം ചടങ്ങിൽ മന്ത്രി സമ്മാനിച്ചു. എം.എസ്.എം.ഇ മേഖലയിലെ കുതിപ്പിലൂടെ കഴിഞ്ഞ ഒരു വർഷം കൊണ്ട് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും 8000 കോടിയോളം നിക്ഷേപം കൊണ്ടുവരാനും സാധിച്ചുവെന്ന് മുഖ്യാതിഥിയായിരുന്ന ബഹു. ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി ഐ.എ.എസ് പറഞ്ഞു.



*സർവ്വീസിൽ നിന്നും വിരമിക്കുന്ന ബഹു. ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് ഐ.എ.എസിനുള്ള വ്യവസായ വകുപ്പിന്റെ ആദരം*

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെ.എസ്.ഐ.ഡി.സി എം.ഡിയുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് സ്വാഗതം പറഞ്ഞു. വ്യവസായ വകുപ്പ് സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർ ശ്രീമതി. ആനി ജൂലാ തോമസ് ഐ.എ.എസ്, എസ്.എൽ.ബി.സി കേരള കൺവീനർ ശ്രീ. എസ്.പ്രേംകുമാർ, റിയാബ് ചെയർമാൻ ഡോ. ആർ. അശോക്, കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ്, കെ.എസ്.എസ്.ഐ.എ. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഫസലുദ്ദീൻ, സി.ഐ.ഐ കേരള പ്രതിനിധി ശ്രീ. അജയ് ജോർജ് വർഗീസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. രാജീവ് ജി. നന്ദി രേഖപ്പെടുത്തി



## ഇ കൊമെഴ്സിലേക്ക് സുപ്രധാന ചുവടുവയ്പ്പ്

# ഒഎൻഡിസിയുമായുള്ള ധാരണാപത്രം ഒപ്പുവെച്ചു

ഒഎൻഡിസിയുമായുള്ള ധാരണാപത്രം ഒപ്പുവെക്കലും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ ലോഞ്ചിംഗും ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് നിർവഹിച്ചു.

കേരളത്തിലെ വ്യവസായ വാണിജ്യ സാധ്യകളെ പൂർണമായി പ്രയോജനപ്പെടുത്തി സംരംഭകർക്ക് ബിസിനസ്സ് അവസരങ്ങൾ കെട്ടിപ്പടുക്കുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും ONDC യും (ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ്) കൈ കോർക്കുന്നു. ഒഎൻഡിസിയുമായുള്ള ധാരണാപത്രം ഒപ്പുവെക്കലും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ ലോഞ്ചിംഗും ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് നിർവഹിച്ചു. 2023 ജൂൺ 23 ന് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു അധ്യക്ഷനായിരുന്നു.

ഒഎൻഡിസി യുമായുള്ള ധാരണാപത്രം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐഎഎസ്, ഒഎൻഡിസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. തമ്പി കോശിക്ക് കൈമാറി. ഡിജിറ്റൽ സാങ്കേതിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വ്യാപാര മേഖലകളിലെ അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്ന വിപണി വിപുലീകരിക്കുന്നതിനുമായാണ് കേന്ദ്ര സർക്കാർ ഒഎൻഡിസി ആരംഭിച്ചത്. കേരളത്തിലെ 9 പൊതുമേഖലാ സ്ഥാപനങ്ങൾ ഇതിനോടകം ONDC പോർട്ടലിൽ 200-ഓളം ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ-കൊമേഴ്സ് സാധ്യതകളെ കാര്യക്ഷമതയോടെ വിനിയോഗിക്കുന്നതിന് ഉത്പാദകനെയും ഉപഭോക്താവിനെയും ഒരുപോലെ പ്രാപ്തമാക്കുന്ന വിധമാണ് ONDC സജ്ജീകരിച്ചിരിക്കുന്നത്.

ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഇ-കോമേഴ്സ് രംഗത്ത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് വിപുലമായ വിപണി സാധ്യത ഉറപ്പാക്കുന്നതിന് സാധിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. ബ്രാൻഡിംഗ്, പാക്കിങ്, മാർക്കറ്റിങ് എന്നിങ്ങനെ പൊതുമേഖലാ സ്ഥാപന ഉത്പന്നങ്ങളുടെ സ്വയം നവീകരണം കൂടിയാണ് ഇതിലൂടെ സാധിക്കുകയെന്ന് ബഹു. മന്ത്രി പറഞ്ഞു. മെയ്ക്ക് ഇൻ കേരള ബ്രാൻഡിങ്ങിലൂടെ കേരളത്തിലെ എംഎസ്എംഇ ഉത്പന്നങ്ങൾ അന്യസംസ്ഥാനങ്ങളിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും ഇടംപിടിക്കാൻ വഴിയൊരുങ്ങുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ കേരളത്തിലെ വ്യവസായ മേഖലയെ ശക്തമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ് ഒഎൻഡിസി യുമായുള്ള ധാരണപത്രത്തിലൂടെ സാധിക്കുകയെന്ന് ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. അനുദിനം മാറ്റങ്ങൾക്ക് വിധേയമാകുന്ന ഡിജിറ്റൽ ലോകത്തിൽ ഓൺലൈൻ ഇ കോമേഴ്സ് പ്ലാറ്റ്ഫോമുകൾ വ്യവസായ മേഖലക്ക് ശക്തമായ പിന്തുണയൊരുക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ബഹു. ചീഫ് സെക്രട്ടറി, ഡോ. വി.പി.ജോയ് ഐ.എ.എസ് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐഎഎസ് സ്വാഗത പ്രസംഗം നിർവഹിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം), ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ്; വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. ഹരികിഷോർ ഐഎഎസ്; ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ശ്രീമതി. ആനി ജൂല തോമസ് ഐഎഎസ്; റിയാബ് ചെയർമാൻ, ഡോ. ആർ. അശോക്; കിൻഫ്ര മാനേജിംഗ് ഡയറക്ടർ, ശ്രീ. സന്തോഷ് കോശി തോമസ്; ഒഎൻഡിസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ. തമ്പി കോശി; SIDBI ജനറൽ മാനേജർ & റീജിയണൽ ഹെഡ് (ബാംഗ്ലൂർ) ശ്രീ. സത്യകി രസ്തോഗി; കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ്, ശ്രീ. എ നിസാറുദ്ദീൻ; തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ആരാകും സ്വപ്ന വിജയി

## ഡ്രീംവെസ്റ്റർ ഫൈനൽ വേദിക്ക് കളമൊരുങ്ങുന്നു

നവസംരംഭകർക്കും ബിസിനസ് താത്പര്യമുള്ളവർക്കും ആശയങ്ങൾ അവതരിപ്പിക്കാനും അവ ബിസിനസ് സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന നൂതനാശയ മത്സരമായ "ഡ്രീംവെസ്റ്റർ" അവസാന ഘട്ടത്തിലേക്ക് കടക്കുന്നു. നാല് റൗണ്ടുകളിലായി നടത്തപ്പെട്ട മത്സരത്തിന്റെ ഫൈനൽ 2023 ജൂലൈ 14, 15 തീയതികളിലായി എറണാകുളം മറൈൻ ഡ്രൈവിലെ താജ് ഗേറ്റ് വേ ഹോട്ടലിൽ നടക്കും. അഗ്രി & ഫുഡ് പ്രോസസ്സിംഗ്, ഇലക്ട്രോണിക്സ് & ഐ.ടി, നൂതന സംരംഭം, ലൈഫ് സയൻസ് & ഹെൽത്ത് കെയർ എന്നീ വിഭാഗങ്ങളിലായി 20 പേരാണ് ഫൈനൽ റൗണ്ടിലെ മത്സരാർത്ഥികൾ.

നൂതന സംരംഭക ആശയങ്ങളും വ്യത്യസ്ത സംരംഭക സ്വപ്നങ്ങളുടെ അവതരണവും കൊണ്ട് ശ്രദ്ധേയമായിരുന്നു ഡ്രീംവെസ്റ്ററിന്റെ ഓരോ റൗണ്ടും. സംരംഭക സൗഹൃദമെന്ന നിലയിൽ കേരളം തുറന്നു കൊടുക്കുന്ന അവസരങ്ങളിൽ യുവജനങ്ങളും സംരംഭകരും എത്രമാത്രം വിശ്വാസം അർപ്പിക്കുന്നു എന്നതിന് തെളിവായിരുന്നു ആദ്യ റൗണ്ട് മുതൽ തങ്ങളുടെ സ്വപ്ന സംരംഭങ്ങളെ പരിചയപ്പെടുത്തിയ മത്സരാർത്ഥികൾ.

2023 ജൂലൈ 14 ന് ഷോർട് ലിസ്റ്റ് ചെയ്ത 20 മത്സരാർഥികളുടെ ഫൈനൽ റൗണ്ട് പ്രസന്റേഷനുകളും ജൂലൈ 15 ന് വിജയികൾക്കുള്ള സമ്മാനദാനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി നിർവ്വഹിക്കും. ഒന്നാം സമ്മാനം നേടുന്നയാൾക്ക് അഞ്ച് ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയുമാണ് സമ്മാനം. 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും 11 മുതൽ 20 വരെ സ്ഥാനക്കാർക്ക് 25,000 രൂപ വീതവും ലഭിക്കും. കൂടാതെ 20 ഫൈനലിസ്റ്റുകൾക്കും സർട്ടിഫിക്കറ്റുകളും മെമന്റോകളും സമ്മാനിക്കും.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.